ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഇന്ത്യയുടെ അർദ്ധചാലക വ്യവസായം വിപ്ലവത്തിന്റെ വക്കിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇത് സിലിക്കൺ നയതന്ത്രത്തിന്റെ യുഗമാണെന്നും പ്രധാനമന്ത്രി.

Prime Minister Narendra Modi said that India's semiconductor industry is on the verge of revolution. Prime Minister said that this is the era of silicon diplomacy.

2). കാലാവസ്ഥാ വ്യതിയാനം, ഊർജ്ജ പരിവർത്തനം എന്നിവ ആഗോള തലത്തിൽ ആശങ്ക സൃഷ്ടിക്കുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

Climate change and energy transition s causing concern at the global level says Prime Minister Narendra Modi.

3). സൈബർ കുറ്റകൃത്യങ്ങളിലും സാമ്പത്തിക തട്ടിപ്പുകളിലും ഏർപ്പെട്ട ഒരു കോടിയിലധികം മൊബൈൽ കണക്ഷനുകൾ വിച്ഛേദിച്ചതായി കേന്ദ്ര സർക്കാർ.

The central government has disconnected more than one crore mobile connections involved in cyber crimes and financial frauds.

4). ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

Chief Minister Pinarayi Vijayan inaugurated the harvest of vegetable project in Thiruvananthapuram on the occasion of Onam.

5). **പത്ത് വർഷത്തിനിടയിലെ ഏറ്റവും വലിയ നാവിക അഭ്യാസമായ "ഓഷ്യൻ 2024" ന് റഷ്യ തുടക്കമിട്ടു.**

**Russia has launched "Ocean 2024", the largest naval exercise in ten years.**

6). **ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെന്റിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.**

**Asian Champions Hockey Tournament India will face Malaysia in the third match today.**

**********************************************

**PM GREEN HYDROGEN**

കാലാവസ്ഥാ വ്യതിയാനം, ഊർജ്ജ പരിവർത്തനം എന്നിവ ആഗോള തലത്തിൽ ആശങ്ക സൃഷ്ടിക്കുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കാർബൺ മുക്തമാക്കാൻ ഹരിത ഹൈഡ്രജൻ പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ പങ്കാളിത്തം ആവശ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഹരിത ഹൈഡ്രജനുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനത്തെ വിദൂര-ദൃശ്യ സംവിധാനത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ മോദി. ഉത്പാദനം വർദ്ധിപ്പിക്കുക. ചെലവ് കുറയ്ക്കുക, അടിസ്ഥാന സൗകര്യം ഉണ്ടാക്കുക എന്നിവയിൽ സഹകരണത്തിലൂടെ പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് ശ്രീ നരേന്ദ്രമോദി പറഞ്ഞു. ആഗോളനയ രൂപീകരണത്തിൽ ഊർജ്ജപരിവർത്തനം, സുസ്ഥിരത എന്നിവ പ്രധാനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ശുചിത്വമുള്ള ഹരിതഭൂമി സൃഷ്ടിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പാരീസ് ഉടമ്പടി പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കിയ ആദ്യ ജി-20 രാഷ്ട്രം ഇന്ത്യയാണ്.

*******************************************

## PM GREEN HYDROGEN - 2

വൈദ്യുതീകരണം ബുദ്ധിമുട്ടായ വ്യവസായങ്ങളെ ഹരിത ഹൈഡ്രജൻ വഴി കാർബൺ മുക്തമാക്കാനാകുമെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ദേശീയ ഹരിത ഹൈഡ്രജൻ ദൗത്യത്തിന് 2023-ൽ ഇന്ത്യ തുടക്കമിട്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്.................)

ഹരിത ഹൈഡ്രജൻ ഉത്പാദനം, ഉപയോഗം, കയറ്റുമതി എന്നിവയിൽ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. നവീകരണം, അടിസ്ഥാന സൗകര്യം, വ്യവസായം, നിക്ഷേപം എന്നിവയിൽ ദേശീയ ഹരിത ഹൈഡ്രജൻ ദൗത്യം പ്രചോദനം നൽകുന്നു. വികസനത്തിലും അത്യാധുനിക വിഷയങ്ങളിലെ ഗവേഷണത്തിലും രാജ്യം ശ്രദ്ധിക്കുന്നുണ്ടെന്ന് ശ്രീ നരേന്ദ്രമോദി ചൂണ്ടിക്കാട്ടി.

*******************************************************

## SEMICON INDIA 2024

ഇന്ത്യയുടെ അർദ്ധചാലക മേഖല ഒരു വിപ്ലവത്തിൻ്റെ വക്കിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. SEMICON India 2024 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഇത് സിലിക്കൺ നയതന്ത്രത്തിൻറെ യുഗമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോക അർധചാലക വ്യവസായത്തെ ചലിപ്പിക്കുന്നതിൽ ഇന്ത്യ സുപ്രധാന പങ്ക് വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. യു.പി യിലെ ഗ്രേറ്റർ നോയിഡയിൽ മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ 2024-ന് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി . "അർദ്ധചാലക ഭാവി രൂപപ്പെടുത്തുക" എന്നതാണ് പരിപാടിയുടെ സന്ദേശം. ഇന്ത്യയെ അർദ്ധചാലകത്തിന്റെ ആഗോള കേന്ദ്രമാക്കി മാറ്റുന്ന

തന്ത്രവും നയവും സമ്മേളനം ചർച്ച ചെയ്യും. 250-ലധികം പ്രദർശകരും, ആഗോള അർദ്ധചാലക മേഖലയിലെ 150-ഓളം വിദഗ്ദ്ധരും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.
*****************************************************

## PM AWAS YOJANA

പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം ലക്ഷക്കണക്കിന് ഗുണഭോക്താക്കൾക്ക് 2,745 കോടി രൂപ പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 15-ന് വിതരണം ചെയ്യും. ജാർഖണ്ഡിലെ ജംഷഡ്പൂരിലാണ് പരിപാടി. സംസ്ഥാനങ്ങളിലെ ഗ്രാമവികസന മന്ത്രിമാരുമായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വിദൂര-ദൃശ്യ സംവിധാനത്തിലൂടെ നടത്തിയ യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്. വലിയ തോതിൽ ജനങ്ങൾ പരിപാടിയിൽ പങ്കെടുക്കുമെന്ന് മന്ത്രി പറഞ്ഞു. ലക്ഷക്കണക്കിന് പേർ ഓൺലൈനായും പങ്കെടുക്കും.
*****************************************************

## INDIA - PHILIPPINES

ഇന്ത്യ - ഫിലിപ്പീൻസ് സംയുക്ത പ്രതിരോധ സഹകരണ സമിതിയുടെ അഞ്ചാമത് യോഗം ഇന്ന് ഫിലിപ്പീൻസിലെ മനിലയിൽ നടക്കും. കേന്ദ്ര പ്രതിരോധ സെക്രട്ടറി ഗിരിധർ അരമന യോഗത്തിൽ സഹ അധ്യക്ഷനാകും. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

*****************************************************

## ASIA PACIFIC

സിവിൽ ഏവിയേഷൻ സംബന്ധിച്ച രണ്ടാമത് ഏഷ്യാ - പസഫിക് മന്ത്രിതല സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് ആരംഭിക്കും. അന്താരാഷ്ട്ര സിവിൽ വ്യോമയാന സംഘടനയും വ്യോമയാന മന്ത്രാലയവും ചേർന്നാണ് രണ്ട് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ വിമാനത്താവളങ്ങളുടെയും വിമാനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വർധനയാണ് രാജ്യത്ത് ഉണ്ടായിട്ടുള്ളതെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

*******************************************************

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*******************************************************

## DoT-CONNECTIONS

സൈബർ കുറ്റകൃത്യങ്ങളിലും സാമ്പത്തിക തട്ടിപ്പുകളിലും ഏർപ്പെട്ടതായി കണ്ടെത്തിയ ഒരു കോടിയിലധികം മൊബൈൽ കണക്ഷനുകൾ വിച്ഛേദിച്ചതായും, 2.27 ലക്ഷം മൊബൈൽ ഹാൻഡ്സെറ്റുകൾ ബ്ലോക്ക് ചെയ്തതായും കേന്ദ്ര സർ ക്കാർ അറിയിച്ചു. സഞ്ചാർ സാഥി സംരംഭത്തിന്റെ സഹായത്തോടെയാണ് ഈ കണക്ഷനുകൾ തിരിച്ചറിഞ്ഞതെന്ന് ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് അറിയിച്ചു. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ മൂന്നര ലക്ഷം സ്പാം നമ്പറുകൾ വിച്ഛേദിക്കുകയും 50 സ്ഥാപനങ്ങളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച്, മികച്ച ഗുണനിലവാരമുള്ള ടെലികോം സേവനം സാധ്യമാക്കുന്നതിന് നിരവധി നടപടികൾക്കാണ് വകുപ്പ് തുടക്കം കുറിച്ചിട്ടുള്ളത്.

**************************************************

## KERALA CM - VEGETABLES

കേരളത്തിൽ കൃഷി വകുപ്പിന്റെ ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടറിയേറ്റ് അങ്കണത്തിൽ നിർവ്വഹിച്ചു. മന്ത്രിമാരായ പി പ്രസാദ്, വി എൻ വാസവൻ, ജെ ചിഞ്ചുറാണി,
ഒ ആർ കേളു, റോഷി അഗസ്റ്റിൻ, കെ രാജൻ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് ഓണത്തിനൊരുമുറം പച്ചക്കറി.

**************************************************

## RUSSIA- NAVAL DRILL

പത്ത് വർഷത്തിനിടയിലെ ഏറ്റവും വലിയ നാവിക അഭ്യാസമായ "ഓഷ്യൻ 2024" ന് റഷ്യ തുടക്കം കുറിച്ചു. റഷ്യയുടെ 5 കപ്പൽ വ്യൂഹങ്ങളും അഭ്യാസത്തിൽ പങ്കെടുക്കുന്നുണ്ട് . ഇന്നലെ ആരംഭിച്ച നാവിക അഭ്യാസം പസഫിക്, ആർട്ടിക് സമുദ്രങ്ങളിലും മെഡിറ്ററേനിയൻ, കാസ്പിയൻ, ബാൾട്ടിക് സമുദ്രങ്ങളിലും ഒരേസമയം നടക്കും. വർദ്ധിച്ചുവരുന്ന ഭീഷണികൾക്കിടയിൽ രാജ്യം ഏത് സാഹചര്യത്തിനും തയ്യാറാകേണ്ടതിന്റെ ആവശ്യകത റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഊന്നിപ്പറഞ്ഞു. അഭ്യാസത്തിൽ 120-ലധികം വിമാനങ്ങളും 90,000-ലധികം ഉദ്യോഗസ്ഥരും പങ്കെടുക്കും. 400-ലധികം യുദ്ധക്കപ്പലുകൾ, അന്തർവാഹിനികൾ, സഹായ കപ്പലുകളിൽ നിന്നുള്ള സപ്പോർട്ട് വെസലുകൾ എന്നിവ ഉൾപ്പെടുന്നു. പീപ്പിൾസ് ലിബറേഷൻ ആർമിയുടെ നാല് കപ്പലുകളും 15 വിമാനങ്ങളും സംഭാവന ചെയ്ത് ചൈനയും പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്. അഭ്യാസങ്ങൾ

നിരീക്ഷിക്കാൻ മറ്റ് 15 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളെ ക്ഷണിച്ചതായി പ്രസിഡൻറ് പുടിൻ പറഞ്ഞു.

*********************************************

## ASIAN CHAMPIONS TROPHY

ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി ടൂർണമെന്റിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും. ആദ്യ മത്സരത്തിൽ ചൈനയെയും തുടർന്ന് ജപ്പാനെയും ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു. മികച്ച നാല് ടീമുകൾ ഈ മാസം 16-ന് നടക്കുന്ന സെമിഫൈനലിലേക്ക് യോഗ്യത നേടും. ഈ മാസം 17 നാണ് ഫൈനൽ.

*********************************************

## 45th FIDE Chess Olympiad

45-ാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിന് ഇന്ന് ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റിൽ തുടക്കമാകും. 12 ദിവസം നീണ്ടുനിൽക്കുന്ന ടൂർണമെൻറിൽ 1,800-ലധികം കളിക്കാർ പങ്കെടുക്കും, ഓപ്പൺ വിഭാഗത്തിൽ 193 ദേശീയ ടീമുകളും വനിതാ വിഭാഗത്തിൽ 181 ടീമുകളുമാണ് മത്സരിക്കുക. അമേരിക്കയ്ക്ക് തൊട്ടുപിന്നിൽ രണ്ടാം സീഡ് ടീമായാണ് ഇന്ത്യ ഓപ്പൺ സെഷനിൽ പ്രവേശിക്കുക.

*********************************************

## RIJIJU-PORTALS

കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രാലയത്തിന്റെ 100 ദിവസ നേട്ടങ്ങളുടെ ഭാഗമായി ആറ് സംരംഭങ്ങൾ കേന്ദ്ര മന്ത്രി കിരൺ റിജിജു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. നാഷണൽ ഇ-വിധാൻ ആപ്ലിക്കേഷൻ 2.0, സബോർഡിനേറ്റ് ലെജിസ്ലേഷൻ മാനേജ്മെന്റ് സിസ്റ്റം, കൺസൾട്ടേറ്റീവ് കമ്മിറ്റി മാനേജ്മെന്റ് സിസ്റ്റം, നാഷണൽ യൂത്ത് പാർലമെന്റ് സ്കീം 2.0, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുൾപ്പെടുന്ന

സംരഭങ്ങൾക്കാകും മന്ത്രാലയം തുടക്കം കുറിക്കുക.
ദേശീയ ഇ-വിധാൻ ആപ്ലിക്കേഷൻ 2.0 യുടെ പരിഷ്കരിച്ച
പതിപ്പ് കൂടുതൽ ഉപയോക്തൃ - സൗഹൃദവും, നിരവധി
നൂതന സൗകര്യങ്ങളും കൂടിച്ചേർന്നതായിരിക്കുമെന്ന്
പാർലമെന്ററി കാര്യ മന്ത്രാലയം അറിയിച്ചു. ഏകലവ്യ മോഡൽ
റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി
ദേശീയ യൂത്ത് പാർലമെന്റ് മത്സരത്തിന്റെ പുതിയ പദ്ധതിക്കും
മന്ത്രാലയം തുടക്കം കുറിയ്ക്കും.

**********************************************

## TELANGANA-CENTRAL TEAM

വെള്ളപ്പൊക്കവും കനത്ത മഴയും മൂലമുണ്ടായ നാശനഷ്ടങ്ങൾ
വിലയിരുത്താൻ കേന്ദ്രസംഘം ഇന്ന് തെലങ്കാന സന്ദർശിക്കും.
കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് വിവിധ വകുപ്പുകളിലെ
ആറ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്തർ വകുപ്പ് തല
കേന്ദ്ര സംഘത്തിന് രൂപം നൽകിയത്. കേന്ദ്ര ആഭ്യന്തര വകുപ്പ്
ജോയിന്റ് സെക്രട്ടറിയും ദേശീയ ദുരന്ത നിവാരണ അതോറിറ്റി
ഉപദേഷ്ടാവുമായ കേണൽ കീർത്തി പ്രതാപ് സിംഗ് സംഘത്തെ
നയിക്കും. തെലങ്കാനയിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾ
സന്ദർശിക്കുന്ന സംഘം പ്രളയബാധിതരുമായും ഭരണകൂട
വുമായും ആശയവിനിമയം നടത്തും. അയ്യായിരം കോടിയിലധികം
രൂപയുടെ നാശനഷ്ടങ്ങളുണ്ടാക്കിയ വെള്ളപൊക്കത്തിലും കനത്ത
മഴയിലും 30-ഓളം പേർക്ക് ജീവൻ നഷ്ടമായിരുന്നു.

**********************************************

## TELANGANA-RIVER GODAVARI

തെലങ്കാനയിലെ ക്ഷേത്രനഗരമായ ഭദ്രാചലത്തിൽ, ഗോദാവരി നദിയിലെ ജലനിരപ്പ് 48 അടി പിന്നിട്ടതിനെ തുടർന്ന് ഭദ്രാദ്രി കോതഗുഡെം ജില്ലയിൽ അധികൃതർ വീണ്ടും വെള്ളപ്പൊക്ക മുന്നറിയിപ്പ് നൽകി. സുരക്ഷ മുൻനിർത്തി 11.82 ക്യുസെക്സ് ജലം തോട്ടിലേക്ക് ഒഴുക്കിവിടുമെന്ന് ജില്ലാ അധികൃതർ അറിയിച്ചു. ഗോദാവരി നദിയുടെ വൃഷ്ടിപ്രദേശങ്ങളിൽ കനത്ത മഴ പെയ്യുന്ന സാഹചര്യത്തിൽ ജലനിരപ്പ് ഇനിയും ഉയരാൻ സാധ്യത യുണ്ടെന്ന് ജില്ലാ കളക്ടർ പറഞ്ഞു. നദിയുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

*********************************************

*********************************************

*********************************************